PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

SECOND SESSION—1963
(Second Meeting)

Tuesday, the 26th November, 1963

Vol. XVII] OFFICIAL REPORT [No. 37

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 26th November, 1963, with Mr. Speaker in the Chair.

OBITUARY REFERENCE

Mr. Speaker : We are in the grip of a great tragedy. I call upon the Leader of the House to make a statement.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സർ, ഏറ്റവും ദുഃഖകരമായ ചില സംഭവങ്ങളുടെ നിഴലിലാണു നിയമസഭയുടെ ഇന്നത്തെ സമ്മേളനം കൂടുന്നതു്. കഴിഞ്ഞ നാലഞ്ചു ദിവസങ്ങൾക്കുള്ളിൽ ഈ ലോകത്താകമാനം പ്രത്യാഘാതങ്ങളുണ്ടാക്കാവുന്നതരത്തിലും, ഇൻഡ്യയ്ക്കുള്ളിൽ വളരെയേറെ വൈഷമ്യങ്ങൾ ഉണ്ടാക്കാവുന്നതരത്തിലും ചില സുഹൃത്തുക്കൾ നിര്യാണമടയാൻ ഇടയായി. പ്രസിഡൻറു് കെന്നഡിയുടെ മരണം ഏറ്റവും ദുഃഖകരമായ സാഹചര്യത്തിലാണു് ഉണ്ടായതു്. ഒരു ഘാതകൻറെ നിർദ്ദയമായ വെടിയേറ്റു് അദ്ദേഹം നിര്യാണമടഞ്ഞു. തൻറെ പ്രിയപ്പെട്ട കൃത്യങ്ങളിൽ ഒന്നെന്നു് അദ്ദേഹം വിശ്വസിച്ചിരുന്ന നീഗ്രോവർഗ്ഗത്തിൻറെ പരിപൂർണ്ണമായ സ്വാതന്ത്ര്യപ്രാപ്തിക്കുവേണ്ടിയുള്ള പരിശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കെ, അപ്രകാരമുള്ള ഒരു ഉദ്ദേശത്തോടുകൂടി ഐക്യനാടുകളുടെ തെക്കൻ സംസ്ഥാനങ്ങളിൽ പര്യടനം നടത്തിക്കൊണ്ടിരിക്കെ ഇപ്രകാരം സംഭവിച്ചതു് കൂടുതൽ ദുഃഖത്തിനു് ഇടയാക്കിത്തീർത്തിട്ടുണ്ടു്. പ്രസിഡൻറു് കെന്നഡി അമേരിക്കൻ ഐക്യനാടുകളുടെ പ്രശസ്തന്മാരായ പ്രസിഡൻറുമാരുടെ കൂട്ടത്തിൽ വളരെ ഉന്നതമായ ഒരു സ്ഥാനത്തു് നില്ക്കുന്നതായ ഒരാളാണെന്നു് നമുക്കൊക്കെ അറിയാം. അദ്ദേഹം ഏറ്റവും പ്രായംകുറഞ്ഞ പ്രസിഡൻറായിരുന്നുവെങ്കിലും, അദ്ദേഹത്തിനു് അമേരിക്കൻ ജനതയുടെ ഒന്നാകെയുള്ള സൗഹാർദ്ദം സമ്പാദിക്കുവാനും അങ്ങനെ ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഈ അടുത്തകാലത്തു് നിർഭാഗ്യവശാൽ നിലനിന്നിരുന്ന സംഘർഷാവസ്ഥയ്ക്കു് കുറവു വരുത്താനും സാധിച്ചിരുന്നു. കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഭയങ്കരമായ ഒരു ശീതസമരത്തിൻറെ ദുഷ്ഫലങ്ങൾ പ്രത്യക്ഷമായിരുന്നു. അമേരിക്കയുടെ നേതൃത്വത്തിൽ പാശ്ചാത്യരാജ്യങ്ങളും ഒരുവശത്തും, റഷ്യയുടെ നേതൃത്വത്തിൽ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളും മറ്റൊരു വശത്തും നിന്നുകൊണ്ടു് നടത്തിയിരുന്ന ഈ ശീതസമരം ലോകത്തെ ഇന്നിയൊരു യുദ്ധത്തിലേയ്ക്കു് തള്ളിവിടുമോ എന്നുള്ള ആശങ്ക എല്ലാവർക്കും ഉണ്ടാക്കിത്തീർത്തിരുന്നു. എന്നാൽ പ്രസിഡൻറു്

[ശ്രീ. ആർ. ശങ്കർ]

കെന്നഡിയുടേയും, ക്രൂഷ്ചേവിന്റെയും രാജ്യതന്ത്രജ്ഞപരമായ നിലപാടിന്റെ ഫലമായി ആ അവസ്ഥയ്ക്ക് വലിയൊരു അയവുണ്ടാകാൻ സാധിച്ചു എന്നുള്ളതിൽ സംശയമില്ല. സാധാരണ യാഥാസ്ഥിതികമനോഭാവമുള്ള അമേരിക്കൻ ജനതയെ വളരെ നയത്തോടുകൂടി സ്വന്ത അഭിപ്രായങ്ങളിലേക്ക് നയിക്കാൻ അദ്ദേഹത്തിനു സാധിച്ചു എന്നുള്ളതു അദ്ദേഹത്തിന്റെ ഒരു നേട്ടമായിരുന്നു. സംഘഷ്ാവസ്ഥയ്ക്ക് അയവുവരുത്തിക്കൊണ്ടുള്ള പ്രവത്തനങ്ങളും ആരംഭിച്ചതേയുള്ളു എന്നും, ലോകം വീണ്ടും ഒരു യുദ്ധത്തിലേയ്ക്ക് വഴുതിവീണുപോകാതിരിക്കാൻ തുടന്നു പല പ്രവത്തനങ്ങളും നടക്കുമെന്നും നാമെല്ലാം പ്രതീക്ഷിച്ചിരുന്നു. ആ പ്രവത്തനങ്ങൾക്ക് നിശ്ചയമായും പ്രസിഡൻറു് കെന്നഡിയുടെ കൈകൾ പിന്നിൽ ഉണ്ടായിരിക്കേണ്ടതും ഏറ്റവും ആവശ്യമായിരുന്നു. ദൗർഭാഗ്യവശാൽ ഇന്നു് അതു് നഷ്ടപ്പെട്ടിരിക്കുകയാണു്. അതുപോലെതന്നെ അമേരിക്കയിലുള്ള നീഗ്രോകളുടെ പ്രശ്നത്തിനു പരിഹാരം കണ്ടുപിടിക്കാനുള്ള ശ്രമത്തിനും സംഭവിച്ചിരിക്കുന്ന ഒരു വലിയ നഷ്ടമാണിതു്. വളരെ മഹാനായ അദ്ദേഹം ഇൻഡ്യയുടെ ഒരു ഉത്തമസുഹൃത്തു് ആയിരുന്നു എന്ന വസ്തുതയും നമ്മൾ മറന്നുകൂടാ. അമേരിക്ക ഇൻഡ്യയുടെ വികസന പ്രവത്തനങ്ങൾക്ക് അകമഴിഞ്ഞ സഹായങ്ങളും നൽകുകയായിരുന്നു. അതിനു പുറമെ പെട്ടെന്നു് ചൈനയുടെ ആക്രമണം ഉണ്ടായ സമയത്തു് പ്രസിഡൻറു് കെന്നഡിയുടെ ആജ്ഞ അനുസരിച്ചു് അമേരിക്ക സമയത്തുതന്നെ ഇവിടെ സഹായം എത്തിക്കുന്നതിനു് സന്നദ്ധമായി. ഇതെല്ലാം ആലോചിച്ചാൽ ഇൻഡ്യയ്ക്ക് പ്രസിഡൻറു് കെന്നഡിയുടെ നഷ്ടം ഒരു തീരാനഷ്ടമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അങ്ങനെ പലപ്രകാരത്തിൽ ലോകത്താകമാനം പൊതുവിൽ വളരെയേറെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്ന രീതിയിൽ അദ്ദേഹം ദിവംഗതനായിരിക്കുകയാണു്. നമുക്ക് ഇൻഡ്യയിൽ പ്രത്യേകിച്ചും വളരെയേറെ ദുഃഖത്തിനു് വകയുള്ള ഒരു കാര്യമാണിതു്.

സർ, ഇതിനു പുറമേ ഈ ദിവസങ്ങൾക്കുള്ളിൽ ഇൻഡ്യയിലെ ഒരു പ്രധാന സംസ്ഥാനമായ മഹാരാഷ്ട്രായിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. കണ്ണംവാർ നിര്യാതനായി. പെട്ടെന്നു് 'Cerebral Thrombosis' എന്ന രോഗം ഉണ്ടായി അദ്ദേഹം മരിക്കുകയാണുണ്ടായതു്. ശ്രീ. കണ്ണംവാർ ഇൻഡ്യയിലെ സ്വാതന്ത്ര്യ സമരത്തിൽ വളരെ മുമ്പുതന്നേ വലിയൊരു പങ്കു് വഹിച്ചിട്ടുള്ള ആളാണു്. വളരെ ചെറുപ്പത്തിൽത്തന്നെ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ അന്നുള്ള സഹകരണപ്രസ്ഥാനംമുതൽ ദേശീയരംഗത്തു് വളരെ കാര്യമായ പ്രവത്തനങ്ങളിൽ അദ്ദേഹം ഏർപ്പെട്ടിരുന്നു. ഒരു രാഷ്ട്രീയപ്രവത്തകൻ മാത്രമല്ല ഒരു സാമൂഹ്യപ്രവത്തകൻ എന്നുള്ള നിലയിലും, ഒരു വിദ്യാഭ്യാസപ്രവത്തകൻ എന്നുള്ള നിലയിലും ഒരു പത്രപ്രവത്തകനെന്നുള്ള നിലയിലും അദ്ദേഹം അദ്ദേഹത്തിന്റെ മുദ്ര ഈ രംഗങ്ങളിലെല്ലാം പതിച്ചിട്ടുണ്ടു്. വളരെ ശാന്തശീലനായ വലിയ പ്രചരണങ്ങളൊന്നും ആഗ്രഹിക്കാത്ത ആളായി തന്റെ കൃത്യം ഏറ്റവും ആത്മാത്ഥതയോടുകൂടി നിർവഹിച്ചുവന്നിരുന്ന സമത്ഥനായ ശ്രീ. കണ്ണംവാറുടെ നഷ്ടം ബാംബെ സംസ്ഥാനത്തിനുമാത്രമല്ല ഇൻഡ്യയ്ക്കു മുഴുവൻ യഥാത്ഥത്തിൽ ഒരു വലിയ നഷ്ടംതന്നെയാണു്. നമുക്കു് അദ്ദേഹത്തിന്റെ നിര്യാണത്തിൽ അങ്ങേയറ്റം ദുഃഖിക്കാതെ തരമില്ല.

സർ, ഇതുപോലെ ഇതിനിടയിൽ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ മറ്റൊരു സംഭവംകൂടിയുണ്ടായി. ഇൻഡ്യൻ ആർമിയുടെ പ്രത്യേകമായ ഒരു ഹെലികോപ്റ്റർ വിമാനം പെട്ടെന്നു് തകന്നതിന്റെ ഫലമായിട്ടു് വളരെ പ്രശസ്തമായി സേവനം ചെയ്തുകൊണ്ടിരുന്ന 5 സൈനികോദ്യോഗസ്ഥന്മാർ പെട്ടെന്നു് മരിക്കാൻ ഇടയായി. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം വിശേഷിച്ചും ഈ അടിയന്തിരസ്ഥിതിയിൽ നികത്താനാകാത്ത ഒരു നഷ്ടമാണു് ഇവരുടെ നിര്യാണംമൂലം ഉണ്ടായതു്. ഇങ്ങനെ നിര്യാതരായ ഈ ആളുകളുടെയെല്ലാം കുടുംബത്തോടു് നമുക്കുള്ള അനുശോചനം രേഖപ്പെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

കയും, പ്രസിഡന്റ് കെന്നഡിയുടെ നിര്യാണത്തിൽ നമുക്ക് അമേരിക്കൻ ജനതയോടും, ലോകത്തോടുമുള്ള നമ്മുടെ അനുശോചനം രേഖപ്പെടുത്തുകയും, ശ്രീ. കണ്ണംവാറുടെ നിര്യാണത്തിൽ നമുക്കുള്ള ദുഃഖം മഹാരാഷ്ട്രാ ഗവണ്മെന്റിനെ അറിയിക്കുകയും ചെയ്യുന്നതിനു് ഈ അവസരം ഉപയോഗിക്കാൻ ഞാൻ ബഹുമാനപ്പെട്ട സഭയോടു് അഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിച്ചുള്ള നമ്മുടെ റഫറൻസു് അവസാനിപ്പിച്ചാൽ, ഈ സംഭവങ്ങൾ നടന്നിരുന്ന ഈ സന്ദർഭത്തിൽ പ്രസിഡന്റു് കെന്നഡിയുടെയും, ശ്രീ. കണ്ണംവാറുടേയും മറ്റും നിര്യാണത്തിൽ നമ്മുടെ ദുഃഖത്തിന്റെ ഒരളവായി ഈ സഭ ഇന്നത്തേയ്ക്കു് അഡ്ജോൺ ചെയ്യുന്നതു് നന്നായിരിക്കുമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. സി. അച്യുതമേനോൻ: സർ, ഇന്നു് ഈ സഭയുടെ ചരിത്രത്തിൽ തന്നെ ഏറ്റവുമധികം ദുഃഖാർത്ഥമായ ഒരു ദിവസമാണെന്നാണു് ഞാൽ കരുതുന്നതു്. അമേരിക്കൻ പ്രസിഡന്റു് കെന്നഡിയുടേയും, മഹാരാഷ്ട്രമുഖ്യമന്ത്രിയായിരുന്ന ശ്രീ. കണ്ണംവാറുടേയും, നമ്മുടെ പട്ടാള നായകന്മാരിൽ അതിപ്രശസ്തന്മാരായ അഞ്ചു് ആളുകളുടേയും ചരമത്തിൽ ദുഃഖം രേഖപ്പെടുത്തിക്കൊണ്ടു് മുഖ്യമന്ത്രി പ്രകടിപ്പിച്ച വികാരങ്ങളോടു് ഈ ഭാഗത്തുള്ള ആളുകളും, ഈ സഭയുടെ എല്ലാ ഭാഗത്തുള്ള ആളുകളും പൂർണ്ണമായി യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ശ്രീ. കെന്നഡി അദ്ദേഹത്തിന്റെ ഈ ഹ്രസ്വമായ ഔദ്യോഗിക ജീവിതത്തിനിടയിൽ ലോകസമാധാനം നിലനില്ക്കുന്നതിനുവേണ്ടിയും, രാഷ്ട്രങ്ങൾ തമ്മിൽ പരസ്പരം ധാരണയും സൗഹാർദ്ദവും ഉണ്ടാക്കുന്നതിനുവേണ്ടിയും വളരെ വിലപ്പെട്ട സംഭാവന ചെയ്തിട്ടുള്ള ദേഹമാണെന്നു് ലോകമെല്ലാം അംഗീകരിച്ചിട്ടുള്ള പരമാർത്ഥമാണു്. അദ്ദേഹത്തിന്റെ മരണത്തിൽ ലോകത്തിനു് വിശേഷിച്ചു് ഇൻഡ്യയ്ക്കും ഉണ്ടായിട്ടുള്ള നഷ്ടത്തെ സംബന്ധിച്ചു് നമ്മുടെ പ്രധാനമന്ത്രി പാർലമെന്റിൽ ചെയ്ത പ്രസ്താവനയിൽ കൂടുതലായി നമുക്കെന്തെങ്കിലും പറയാൻ ഒക്കുകയില്ല. നമ്മും വളരെയേറെ നിർവാജ്യമായ ഈ സംഭവത്തിൽ ദുഃഖിക്കുന്നു എന്നുമാത്രം പറയുകയേ നിവൃത്തിയുള്ളൂ.

ശ്രീ. കണ്ണംവാറുടെ മരണം ഇതുപോലെതന്നെ പെട്ടെന്നുണ്ടായതാണു്. അദ്ദേഹം മുഖ്യമന്ത്രിയായിട്ടു് വളരെ ചെറിയ ഒരു കാലഘട്ടംമാത്രമേ ആയിട്ടുള്ളൂ. എന്നുവരികിലും സുദീർഘമായിട്ടുള്ള ഒരു സേവനചരിത്രം ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയും, ഈ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടിയും അദ്ദേഹത്തിൽനിന്നും ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യം നമുക്കറിയാം. അദ്ദേഹത്തിന്റെ മരണത്തിലും എന്റെ നിർവ്യാജമായിട്ടുള്ള വ്യസനം രേഖപ്പെടുത്തുന്നു. നമ്മുടെ പട്ടാള നായകന്മാരുടെ മരണം വളരെയേറെ അവിചാരിതവും അതേസമയംതന്നെ വളരെയധികം ഇൻഡ്യയ്ക്കു് നഷ്ടവും ഉണ്ടാക്കുന്ന സംഭവമാണെന്നു് പ്രത്യേകം പറയേണ്ടതായിട്ടില്ല. എയർമാർഷൽ പിൻറോ മുതലായിട്ടുള്ള ആളുകളും നമ്മുടെ സൈനികരംഗത്തു് ഇനിയും വളരെയധികം ഉയർച്ച പ്രാപിക്കേണ്ട ആളുകളാണെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന കാര്യമാണു്. ഈ സന്ദർഭത്തിൽ വിശേഷിച്ചും ഇൻഡ്യയ്ക്കുണ്ടായിട്ടുള്ള വമ്പിച്ച നഷ്ടത്തിൽ നമുക്കെല്ലാം ദുഃഖിക്കുകയല്ലാതെ കൂടുതൽ എന്താണു് ചെയ്യുക എന്നറിയില്ല. മുഖ്യമന്ത്രി പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണു്.

Shri Joseph Chazhicatt: 'Yesterday the word of Caesar might have stood against the world; now lies he there'.

ഷേക്സ്പീയർ ജൂലിയസ് സീസറെക്കുറിച്ചു് പറഞ്ഞിട്ടുള്ളതു് ഇങ്ങനെയാണു്. അതു പോലെതന്നെ ലോകത്തിലെ ഏറ്റവും പ്രശസ്തനായ, ലോകത്തിൽ യുദ്ധമുണ്ടാവുമെന്നു് പ്രതീക്ഷിച്ചിരുന്ന കാലങ്ങളിൽ യുദ്ധം ഒഴിവാക്കുന്നതിനുവേണ്ടി ധീരമായി പ്രവർത്തിച്ചിട്ടുള്ള, നാമൊക്കെയും യേപ്പെടാതെയുള്ള സ്വതന്ത്രമായ ജീവിതത്തിനുവേണ്ടി വഴി തെളിയിച്ചു് തന്നിട്ടുള്ള ശ്രീ. കെന്നഡിയുടെ മരണം ലോകത്തെ ഞെട്ടിപ്പിച്ചിട്ടുണ്ടു്. ക്യൂബായിൽ അമേരിക്കക്കെതിരായി റഷ്യൻസൈന്യങ്ങളെ ശേഖരിച്ചുകൊണ്ടിരുന്ന അവസരത്തിൽ അവരോടു് പിൻവാങ്ങാൻ പറഞ്ഞതു് ലോകത്തിലെ ഏറ്റവും വലിയ ധീരന്മാർ ചെയ്തിട്ടുള്ള ധീരകൃത്യങ്ങളിൽ ഒന്നായിരുന്നു. അവിടംമുതലാണു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

കെന്നഡിക്ക് ലോകത്തിൽ ഏറ്റവും വലിയ സ്ഥാനം കിട്ടിയതു്. കെന്നഡി ഒരുധീരനായിരുന്നു. ശ്രീ. കെന്നഡി ഇന്നു ലോകത്തെ നയിച്ചുകൊണ്ടിരുന്നു എന്നു പറയുന്നതിൽ തെറ്റില്ലെന്നാണു് എന്റെ അഭിപ്രായം.

''വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ
നല്ല മരതക കല്ലിനോടൊത്തൊരു
കല്യാണശീലൻ കുമാരനാം കെന്നഡി''.

വെടികൊണ്ടാണു് അദ്ദേഹം മരിച്ചുവീണതു്. അദ്ദേഹത്തെ വെടിവയ്ക്കാനുണ്ടായ കാരണങ്ങളും പത്രങ്ങളിൽ കണ്ടതു് ഇപ്രകാരമാണു്. സാധുക്കളും നിസ്സഹായരും അധഃകൃതരും അധസ്ഥിതരുമായി കരുതിയിരുന്ന നീഗ്രോ വർഗ്ഗത്തെ രക്ഷിക്കുന്നതിനുവേണ്ടി അവർക്കു് പരിപൂർണ്ണമായ സ്വാതന്ത്ര്യം കൊടുക്കുന്നതിനുവേണ്ടി, അമേരിക്കയുടെ തെക്കൻ രാജ്യങ്ങളിലുണ്ടായിരുന്ന എതിർപ്പിനെ വകവയ്ക്കാതെ നീഗ്രോകൾക്കു് കൂടുതൽ സ്വാതന്ത്ര്യം കൊടുക്കുന്നതിനു വേണ്ടിയുള്ള ഒരു പരിശ്രമത്തിനിടയിലായിരുന്ന അദ്ദേഹം മരണമടഞ്ഞതു്.

ഈ നവംബർ നാലാംവാരം ദുഃഖത്തിന്റെ മാത്രമായിട്ടുള്ള ഒരു വാരമായിത്തീർന്നിരിക്കുന്നു. ശ്രീ. കെന്നഡി മരിച്ചു എന്നുള്ള ഭയങ്കരവും സങ്കടഹേതുവുമായ വിവരവും, നമ്മുടെ രാജ്യത്തെ രക്ഷിക്കുന്നതിനു് നിയുക്തമായി പുറപ്പെട്ടിട്ടുള്ള സൈനികോദ്യോഗസ്ഥന്മാരിൽ പ്രധാനികളായ അഞ്ചുപേർ ഒന്നിച്ചു് ഒരു വിമാനാപകടത്തിൽ മരിച്ചു എന്നുള്ള വിവരവും, രണ്ടും ഒന്നിച്ചാണു് നാം പത്രങ്ങളിൽ വായിച്ചതു്. അതു് വായിച്ചുകൊണ്ടു് അതേപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്ന ഒരവസരത്തിലാണു്, ഇന്നലെ, ഭാരതത്തിലെ ഒരു മുഖ്യമന്ത്രി ശ്രീ. കണ്ണംവാർ പെട്ടെന്നു് കുറച്ചുസമയത്തെ സുഖക്കേടുകൊണ്ടു് മരിച്ചതായി പത്രങ്ങളിൽ വായിക്കാൻ ഇടയായതു്. എവിടെയോ നമ്മുടെ വലിയൊരു വിമാനം തകർന്നുവീണു് അതിലുണ്ടായിരുന്ന എല്ലാവരും കൊല്ലപ്പെട്ട എന്നുള്ള വിവരം ഇന്നത്തെ പത്രത്തിൽ നാം വായിക്കുകയുണ്ടായി. ഈ ആഴ്ച സങ്കടകരമായിട്ടുള്ള ഒരാഴ്ചയായിട്ടാണു് വന്നിരിക്കുന്നതു്. നമുക്കു് ഇനി ചെയ്യാവുന്നതു് എന്താണു്. മരിച്ചവർക്കുവേണ്ടി കരയുക, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക, മരിച്ചവർക്കുവേണ്ടി സങ്കടം അനുഭവിക്കുന്നവരോടു് നമുക്കും സങ്കടമുണ്ടെന്നു പ്രദർശിപ്പിക്കുക, ഇത്രമാത്രമാണു് നമുക്കു് ഇനി ചെയ്യാനുള്ളതു്. നാം അതാണു് ചെയ്യേണ്ടതു്. നമ്മിൽ പലരും നിത്യമായ ഒരു ആത്മാവുണ്ടെന്നു് വിശ്വസിക്കുന്നവരാണു്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നുള്ളതു് നിത്യമായ ഒരുജീവൻ ഉണ്ടെന്നും, മരണത്തിനുശേഷം ഒരുജീവിതം തുടങ്ങുന്നു എന്നു വിശ്വസിക്കുന്ന ആളുകളാണു് ചെയ്യുന്നതു്. ലോകത്തിൽ യാത്രക്കാരായി വന്നിട്ടു് മരണത്തിൽ കൂടിയാണു് നമുക്കു് നിത്യജീവൻ ലഭിക്കുന്നതു് എന്നു വിശ്വസിക്കുന്നതായ ആളുകളുണ്ടു്. ആ കൂട്ടത്തിലുള്ള ഒരാളാണു് ഞാൻ. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നുള്ളതാണു് നമുക്കു് ഇനി ചെയ്യാനുള്ളതു്. നാം യുദ്ധത്തിന്റെ ഭീതിയില്ലാതെ ഇവിടെ കഴിച്ചുകൂട്ടിയതു് നിശ്ചയമായും കെന്നഡി എന്ന ഒരാൾ ഉണ്ടായിരുന്നതുകൊണ്ടാണു്. ചൈനാക്കാർ നമ്മെ ആക്രമിച്ച അവസരത്തിൽ അമേരിക്കയിൽനിന്നു് ഇവിടെ സമാശ്വാസിപ്പിക്കുന്നതിനു് വന്ന ഒരാൾ പറഞ്ഞതു് ഞാൻ കേട്ടിട്ടുള്ളതു് ''Allow us we will smash China''. എന്നാണു്. ഇൻഡ്യയെ എതിർക്കാൻവരുന്ന ആളെ പിൻതിരിപ്പിച്ചു് ഓടിക്കുന്നതിനു് ഏതു വിധത്തിലും താൽപര്യമുള്ള ഒരാളായിരുന്നു ശ്രീ. കെന്നഡി. അമേരിക്കപണവും വിമാനങ്ങളും തോക്കും വിമാനങ്ങളും എന്തെല്ലാമൊക്കെ വേണ്ടപോലെ കൊടുക്കാം, കണക്കു് പിന്നീടു് പറഞ്ഞുകൊള്ളാമെന്നാണു് കെന്നഡി പറഞ്ഞതു്. ഇൻഡ്യയ്ക്കു് ആയുധസഹായം ചെയ്തുകൊടുക്കുക, അതേപ്പറ്റിയുള്ള കണക്കുകൾ പിന്നീടു് പറഞ്ഞുകൊള്ളാമെന്നു് കെന്നഡി പറഞ്ഞതായി പത്രങ്ങളിൽ കാണുകയുണ്ടായി. അങ്ങനെ ആത്മാർത്ഥമായി നമ്മുടെ രക്ഷയ്ക്കു് നമ്മെ സഹായിക്കുന്നതിനു് സാമ്പത്തികമായും മറ്റും വളരെ താഴ്ന്ന

LIBRARY ARCHIVES Kerala Legislative Assembly

നിലയിൽ നില്ക്കുന്ന ഇൻഡ്യാരാജ്യത്തിലെ അനേകം കോടി ജനങ്ങളുടെ രക്ഷയ്ക്കു് താല്പര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന മഹാനായ ഒരാൾ അങ്ങു് അറ്റ്ലാന്റിക്കു് ഓഷ്യനു് അക്കരെയുണ്ടെന്നുള്ള വിചാരം നമുക്കുണ്ടായ തുന്നതു് ആശ്വാസകരമായിരുന്നു. ആ സ്ഥാനത്തു് വേറൊരാൾ വരുമായിരിക്കും. "Yesterday the word of Caesar might have stood against the world; now lies he there". ഒറ്റ കടലാസിൽ ഒരൊറ്റ ഒപ്പിട്ടുകൊണ്ടു് റഷ്യൻ സൈന്യങ്ങളും അവരുടെ സഹായങ്ങളും ഉടനെ 24 മണിക്കൂറിനകം ക്യൂബായിൽനിന്നും മാറിക്കൊള്ളണമെന്ന ധീരത യോടുകൂടി ഉത്തരവുകൊടുത്ത ഒരാൾ ഇനി ജീവിച്ചിരിക്കുന്നവരിൽ പുറകേ വരുന്നുണ്ടോ എന്നുള്ളതു് ആളിന്റെ പ്രവർത്തനംകൊണ്ടു് മനസ്സിലാക്കണം.

സർ, ശ്രീ. കണ്ണംവാർ പെട്ടെന്നുമരിച്ചു. അദ്ദേഹത്തിന്റെ ജീവചരിത്രം ചില പത്രങ്ങളിൽ കാണുകയുണ്ടായി. ഒരു പത്രക്കച്ചവടക്കാരനായിട്ടു്, പേപ്പർ ബോയിയായിട്ടു് നടന്നിട്ടുള്ള ഒരാളാണു് അദ്ദേഹം. ഒരു കൊച്ചുപീടികയിൽ 150 രൂപമുടക്കി കച്ചവടംചെയ്തു ജീവിച്ചിരുന്ന ഒരാളാണു് അദ്ദേഹം. അദ്ദേഹം കോൺഗ്രസ്സിൽ പ്രവേശിച്ചു്, കോൺഗ്രസ്സിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തി ച്ചതിന്റെ ഫലമായി കോൺഗ്രസ്സിന്റെ ഉയർന്ന സ്ഥാനത്തെത്തി മുഖ്യമന്ത്രി യായി ശോഭിച്ചിരുന്നു. വലിയ ഒച്ചപ്പാടും പേരും പെരുമയും ഒന്നും ഇല്ലായി രുന്ന ഒരാളായിരുന്ന അദ്ദേഹം. ഇൻഡ്യയിലെ ഏറ്റവും നല്ല മുഖ്യമന്ത്രിമാരിൽ ഒരാളായിരുന്ന അദ്ദേഹം എന്നു് ഞാൻ പത്രങ്ങളിൽ വായിക്കുകയുണ്ടായി. അദ്ദേഹത്തിനു് വയസ്സു് 60–ഓ 65–ഓ ഉള്ള.

ശ്രീ. കെന്നഡി 46 വയസുള്ള ഒരാളായിരുന്നു. അദ്ദേഹത്തിനു് എന്തെല്ലാം സംഗതികളും ഇനി ചെയ്യാനുണ്ടായിരുന്നു. അടുത്ത ഏലക്ഷനിൽ ശ്രീ. കെന്ന ഡിക്കു് പൂർണ്ണമായ അമേരിക്കൻസഹായം കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്നതായി പത്രങ്ങളിൽ വായിക്കുകയുണ്ടായി, അദ്ദേഹം കുറെനാൾകൂടി ജീവിച്ചിരുന്നെ കിൽ വീണ്ടും അമേരിക്കയിലെ പ്രസിഡൻറായി വരാൻ സാധിച്ചിരുന്നെങ്കിൽ ഇൻഡ്യയ്ക്കു് ഒരു രക്ഷയർയിരുന്നു, സഹായമായിരുന്നു, ഒരു താങ്ങായിരുന്നു. അദ്ദേഹം മരിച്ചു. ശ്രീ. കണ്ണംവാർ മരിച്ചു. അഞ്ചു പ്രധാന സൈനികോ ദ്യോഗസ്ഥന്മാർ മരിച്ചു. ഏതായാലും ഇൻഡ്യയ്ക്കാണു് ക്ഷീണം വന്നിട്ടുള്ളതു്, നഷ്ടം വന്നിട്ടുള്ളതു്. നഷ്ടമെന്നു്, ഞാൻ പറയുന്നതു് വളരെക്കാലമായി സൈനികബലമോ യുദ്ധസാമഗ്രികളോ ഇല്ലാത്ത ഇൻഡ്യയ്ക്കു് ഈ മഹാന്റെ നിര്യാണം വളരെ സങ്കടമുണ്ടാക്കിയിട്ടുണ്ടു്. മരിച്ച ആളുകൾക്കുവേണ്ടി നമുക്കു് പ്രാർത്ഥിക്കാം. അതോടുകൂടി അനുശോചിക്കാം. പ്രീമിനിസ്റ്റർ ഹൃദയസ്പർശമായി പുറപ്പെടുവിച്ച എല്ലാ വികാരങ്ങളോടും പൂർണ്ണമായി യോജിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

Shri Hamid Ali Shemnad : Mr. Speaker Sir, I also share the sentiments expressed by the hon. Chief Minister and the Deputy Leader of the Opposition and the Deputy Leader of the Praja Socialist Party. I, on behalf of the Muslim League Party, express my deep sense of sorrow at the sudden and unexpected demise of Kennedy, the President of America. Sir, it is a great tragedy; it is a calamity for the world as a whole. It is not only a loss for the people of America, but for the entire humanity. He was fighting for freedom; he was fighting for peace; and, for all those who love freedom and liberty it is a great loss in the present circumstances. I don't say anything further on this? I only pray to God Almighty to give strength and courage to the people of America and all the world over to meet this grave situation calmly and seriously. May the departed soul rest in peace.

I also express my deep sense of sorrow at the sad and sudden demise of Shri Kannamwar, the Chief Minister of Maharashtra. He was an able and unassuming Chief Minister. He was running the Government in diginfied manner. He has succeeded an able Chief

LIBRARY ARCHIVES Kerala Legislative Assembly

[Shri Hamid Ali Shemnad]

Minister Mr. Chavan, who came after Shri Morarji Desai all of whom were keeping an administrative efficiency of a very high order. It is a great loss for the people of India.

With the demise of Kannamwar we have lost an able Chief Minister, and I pray to God Almighty to give the people of Maharashtra and the people of India and the members of the bereaved family the strength and courage to bear the loss bravely and calmly. May the departed soul rest in peace.

The sudden death of the five military officers in an air crash is also a great less, especially, at this time when we needed their services most. We are facing at one end China and at the other, Pakistan. When we are facing these enemies, we need the services of these experienced officers. They ought to have lived for many more years for the country to receive the benefit of their services. In their demise we have lost our best officers who were defending our country. May the departed souls rest in peace.

Mr. Speaker : I would also associate myself with the touching sentiments expressed by the Leaders of the various parties. The tragic assassination of President Kennedy is an event that has shocked the conscience of the world, for, during the brief period of his presidentship Mr. Kennedy, young as he was, showed the maturity and capacity of one far advanced in years and experience and made his impress felt in the different regions of the world, whenever help and sympathies were needed. Mr. Kennedy had all along been anxious to evolve peace so as to break the vicious and dangerous clouds of the cold war. He was conscious of the social responsibilities of his office, of his responsibilities towards his people as well as towards the common people throughout the world. He was aware of the international obligations of his country and her responsibility to the world at large. To all those who were hankering after peace, equality, as well as food, he showed his determined resolve to extend the strongest support. His innate humanity and sense of justice and his undaunted courage tempered with tolerance, has elevated him to martyrdom in the cause of humanity, which he shares with stalwarts like Lincoln and Mahatma Gandhi. Let us pray for the repose of his soul and let us extend our sincere and heartfelt condolences not only to the American nation, particularly to his bereaved family.

In Mr. Kannamwar we have lost one of the stalwart politicians and best administrators. One who entered life under very humble circumstances, he by his perseverence as well as sincerity evolved himself through various stages and came to occupy the top-most position in his State. He was an educationist. He founded educational institutions that are looked upon as models in many respects. He was also a journalist. He was a fearless exponent of the principles of liberty and freedom. After he had been elected to the Chief Ministership of his State, during the brief period he spent, he has been able to leave, an indelible impression in the history of that State. Just a few days ago, a review of his administration which came in the Press, showed that his attention was bestowed on all aspects of the administration and on the pressing needs of the people of the State, particularly in the matter of Defence, where his largest contributions were made. In his demise not only the State of Maharashtra, but the whole of India has sustained a loss

LIBRARY ARCHIVES Kerala Legislative Assembly

for which we must express our condolences not only to the people of Maharashtra but to the people all over India and to the bereaved family.

The tragic accident which resulted in the loss of the lives of five of our top ranking military men is indeed a very great loss to our country, a loss the like of which will not be felt even during times of war. These men, young as they were, were persons who underewent the hard process of evolution into first rate Commanders in the various fields in which they were and they had attained a high standard of perfection. Their death is a loss on a large scale and a tremendous loss to our country and particularly to our defence operations. We have to console ourselves by thinking that these youngmen, the flower of patriotic Indian Youth who have sacrificed themselves in the service of the country, may well be considered as having laid down their lives at the altar of duty. All the same, the loss that we have sustained is one which cannot be easily made up. We hope that we will muster our strength and stand firm without being in any way daunted by this tragedy. Let us express our sincere condolences to the people concerned as well as to the bereaved families.

In token of our respect to all these noble souls, let us stand up and pay our tribute to their memories by observing silence for two minutes and then adjourn for the day.

[The House stood in silence for two minutes]

Announcement by Speaker—Resignation of a Member

Mr. Speaker : Order, order. Before adjourning, I shall read a letter, dated 23rd November 1963 received from Shri M. Kunjukrishnan Nadar, Member returned from the Parassala constituency, resigning his membership of the Assembly with effect from 1st of December 1963.

The letter reads as follows :

'To

The Hon'ble Speaker,
Legislative Assembly,
Kerala, Trivandrum.

Sir,

As I wish to devote more time for meditation and religious purposes I shall not be able to continue as a Member of the Legislative Assembly, Kerala. So I request you to kindly accept this letter as my resignation as a Member of this Assembly to take effect from 1-12-1963.

Yours faithfully,

(Sd.)
(Kunjukrishnan Nadar.)

Order, order. The House stands adjourned to meet again tomorrow at 8 a. m.

The House adjourned at 8·30 a. m. to meet again at 8 a. m. on Wednesday, the 27th November 1963.

LIBRARY ARCHIVES Kerala Legislative Assembly